"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16(2) ചാക്ക, തിരുവനന്തപുരം

തീയതി: 14.07.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016- ആഗസ്റ്റ് 2014, 2015ൽ എം.ഐ.എസ് മുഖേന അഡ്മിഷനായതും പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ ഹാൾടിക്കറ്റിൻമേലുള്ള മേൽ നടപടികൾ -സംബന്ധിച്ച്.

സൂചന:- ജി1/6661/16(1) നമ്പരായുള്ള 17/7/16ലെ ചുറ്ററിയിപ്പ്.

-----------

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ആഗസ്റ്റ് 2014ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും സപ്ലിമെന്ററിയായി ഒന്നാം സെമസ്റ്റർ/രണ്ടാം സെമസ്റ്റർ/മൂന്നാം സെമസ്റ്റർ, നാലാം സെമസ്റ്റർ (റഗുലർ), ആഗസ്റ്റ് 2015ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ (റഗുലർ) ആയി ജൂലൈ 2016ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് (എം.ഐ.എസ് മുഖേന) അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ സമർപ്പിച്ചിരുന്ന ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org യിൽ ഓൺലൈനായി രേഖപ്പെടുത്താനും നിർദേശം നൽകിയിരുന്നു. എന്നാൽ എല്ലാ സ്ഥാപനമേധാവികളും ടി നിർദേശം പാലിച്ചതായി കാണുന്നില്ല. എം.ഐ.എസ് പോർട്ടലിൽ നിന്ന് ലഭിക്കുന്ന ഹാൾടിക്കറ്റുകളും അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തിയതിന്റെ പ്രിന്റ് ഔട്ടുമായി അതത് സ്ഥാപനമേധാവികൾ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മുമ്പാകെ ഹാജരാകേണ്ടതും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ടി ലിസ്റ്റും മറ്റ് രേഖകളും പരിശോധിച്ച് ഹാൾടിക്കറ്റുകളിൽ മേലൊപ്പ് ചാർത്തി നൽകേണ്ടതുമാണ്. നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ മേലൊപ്പ് ചാർത്താത്ത ഹാൾടിക്കറ്റുമായി വരുന്ന ട്രെയിനികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതിക്കരുത്. അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org ൽ രേഖപ്പെടുത്തിയിട്ടില്ലായെങ്കിൽ റോൾ ലിസ്റ്റിൽ ടി ട്രെയിനികളുടെ പേര് ഉൾപ്പെടുകയില്ല എന്നും അറിയിക്കുന്നു.

2014 വർഷം പുറത്തിറങ്ങിയ ട്രെയിനിംഗ് മാന്വലിലെ രണ്ടാമത്തെ അധ്യായം പത്താം ഖണ്ഡികയിലെ രണ്ടാം ഉപഖണ്ഡിക പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം നിർബന്ധിത ഹാജർ, 07/1/16 തീയതിയിലെ എം.എസ്.ഡി.ഇ 19/03(13)/2015.സി.ഡി നമ്പർ ഡി.ജിറ്റിയുടെ നിർദേശം തുടങ്ങിയവ പ്രകാരമുള്ള ട്രെയിനികൾക്ക് മാത്രമേ ഓരോ സെമസ്റ്ററിലും ഉള്ള ഹാൾടിക്കറ്റ് വിതരണം നടത്താവു എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

<u>പകർപ്പ്</u>

വകുപ്പ് വെബ്സൈറ്റിലേക്ക്

ആൻ 16.07.16